**File No.LSGD-DB3/177/2019-LSGD**

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ല-കുമളി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL - 37 - 2234 നമ്പർ വാഹനം കണ്ടം ചെയ്യുന്നതിന് അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2685/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/11/2019

---

പരാമർശം:- 1 10.05.1976 ലെ GO (Ms) No. 110/76/PW നമ്പർ ഉത്തരവ്

2 28.4.2014-ലെ 468/C2/2014/PWD നമ്പർ സർക്കുലർ

3 പഞ്ചായത്ത് ഡയറക്ടറുടെ 01/09/2019 ലെ PAN/10282/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന KL - 37 - 2234 നമ്പർ 2006 ടാറ്റാ എയിസ് കാലപ്പഴക്കം മൂലം തുടർന്ന് ഉപയോഗിക്കുന്നത് ലാഭകരമല്ലാത്തതിനാൽ ടി വാഹനം കണ്ടം ചെയ്ത് ലേല നടപടികൾ ആരംഭിക്കുന്നതിന് PWD മെക്കാനിക്കൽ ഡിവിഷൻ 18000/- രൂപ വിലനിർണയിച്ച് വാല്യുവേഷൻ സർട്ടിഫിക്കേറ്റ് നൽകിയതായും എന്നാൽ പരാമർശം 1 ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ വാഹനം കണ്ടം ചെയ്യുന്നതിന് അനുമതി നൽകണമെന്നുമുള്ള കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ Uneconomic Certificate ലഭ്യമാക്കിയിട്ടുള്ള വാഹനങ്ങൾ കണ്ടം ചെയ്യുമ്പോൾ നിലവിലെ നിബന്ധനകളിൽ ഇളവുവരുത്തിക്കൊണ്ട് വാഹനങ്ങൾ കണ്ടം ചെയ്യാനുള്ള അനുമതി അതാത് ഭരണവകുപ്പുകൾക്കുതന്നെ നല്കാവുന്നതാണ് എന്ന് പരാമർശം 2 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിനാൽ കുമളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന KL - 37 - 2234 നമ്പർ വാഹനം പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ നിശ്ചയിച്ചിട്ടുള്ള മതിപ്പ് വിലയായ 18000/-(പതിനെണ്ണായിരം രൂപ മാത്രം) രൂപയിൽ കുറയാതെ പൊതു ലേലത്തിലൂടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കണ്ടം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹസീനാ ബീഗം എ**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കുമളി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല

**File No.LSGD-DB3/177/2019-LSGD**

✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ